**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1272** **04-07-2022 - ല്‍ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പന്‍** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് വകുപ്പിലെ ചീഫ് എഞ്ചിനീയര്‍, സൂപ്രണ്ടിംഗ് എഞ്ചിനീയര്‍, എക്സിക്യൂട്ടീവ് എഞ്ചിനീയര്‍, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയര്‍ എന്നീ വിവിധ തസ്തികകളില്‍ നിന്ന് കേരള റോഡ് ഫണ്ട് ബോര്‍ഡില്‍ ഡെപ്യൂട്ടേഷന്‍ വ്യവസ്ഥയില്‍ നിയമിക്കപ്പെട്ട എത്ര ഉദ്യോഗസ്ഥരാണ് അവിടെ തുടര്‍ന്നുവരുന്നത് എന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ; | (എ) | ചീഫ് എഞ്ചിനീയര്‍ - ഇല്ല<br>സൂപ്രണ്ടിംഗ് എഞ്ചിനീയര്‍ - 1<br>എക്സിക്യൂട്ടീവ് എഞ്ചിനീര്‍ - 9<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയര്‍ -29 |
| (ബി) | പ്രസ്തുത ഡെപ്യൂട്ടേഷന്‍ നിയമനങ്ങളില്‍ 30/10/2020 ലെ സര്‍ക്കാര്‍ ഉത്തരവ് (സാധാ) നം.886/2020/ പൊ.മ.വ. പ്രകാരം ഡെപ്യൂട്ടഷനില്‍ നിയമിക്കപ്പെട്ട 71 എഞ്ചിനീയര്‍മാരില്‍ എത്ര എഞ്ചിനീയര്‍മാര്‍ വിവിധ തസ്തികകളില്‍ കേരള റോഡ് ഫണ്ട് ബോര്‍ഡില്‍ ജോലിയില്‍ പ്രവേശിച്ചു എന്ന് തസ്തിക തിരിച്ച് വ്യകതമാക്കുമോ; | (ബി) | സൂപ്രണ്ടിംഗ് എഞ്ചിനീയര്‍ - 1<br>എക്സിക്യൂട്ടീവ് എഞ്ചിനീയര്‍ - 10<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയര്‍ - 30<br>അസിസ്റ്റന്റ് എഞ്ചിനീയര്‍ - 30 |
| (സി) | പ്രസ്തുത സര്‍ക്കാര്‍ ഉത്തരവുപ്രകാരം ഡെപ്യൂട്ടേഷനില്‍ നിയമിക്കപ്പെട്ട എത്ര എഞ്ചിനീയര്‍മാര്‍ ഡെപ്യൂട്ടഷന്‍ കാലാവധി കഴിഞ്ഞ് പൊതുമരാമത്ത് വകുപ്പില്‍ തിരികെ ജോലിയില്‍ പ്രവേശിച്ചു എന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ; | (സി) | 30/10/2020-ലെ സ.ഉ(സാധാ)നം.886/2020/ പൊ.മ.വ ഉത്തരവ് പ്രകാരം ഡെപ്യൂട്ടേഷനില്‍ നിയമിക്കപ്പെട്ട എഞ്ചിനീയര്‍മാരില്‍ ഒരു അസിസ്റ്റന്റ് എഞ്ചിനീയര്‍ ഡെപ്യൂട്ടേഷന്‍ കാലാവധി കഴിഞ്ഞ് പൊതുമരാമത്ത് വകുപ്പില്‍ തിരികെ ജോലിയില്‍ പ്രവേശിച്ചിട്ടുണ്ട്. |
| (ഡി) | പൊതുമരാമത്ത് വകുപ്പില്‍നിന്ന് 71 എഞ്ചിനീയര്‍മാരെ കേരള റോഡ് ഫണ്ട് ബോര്‍ഡില്‍ നിയമിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചപ്പോള്‍ പൊതുമരാമത്ത് വകുപ്പില്‍ സൃഷ്ടിക്കപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയര്‍മാരുടെ 71 താല്ക്കാലിക തസ്തികകളില്‍ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം എത്ര പേര്‍ക്ക് നിയമനം നല്‍കി; എത്രപേര്‍ ഇപ്പോഴും തുടര്‍ന്നുവരുന്നു എന്ന് വ്യക്തമാക്കാമോ ? | (ഡി) | നിലവില്‍ ആരെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ